# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

സെന്റ്. മേരീസ് യു.പി.എസ്
കാരൂർ

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

2025-2026

# ഉള്ളടക്കം

* ആമുഖം
* ലക്ഷ്യങ്ങൾ
* അടിസ്ഥാന വിവരങ്ങൾ
* അക്കാദമിക ചരിത്രം
  - സെന്റ് മേരീസ്. യു.പി സ്കൂൾ കാരൂർ
* നിലവിലെ അവസ്ഥാ വിശകലനം
* പദ്ധതി വിശദാംശങ്ങൾ
* തുടർ പ്രവർത്തനം
* ഉപസംഹാരം

# ആമുഖം

## പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്ര-ങ്ങളായി മാറുന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ുന്ന നിലവാരത്തിൽ മുൻപന്തിയിൽ നിലനിർ-ത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെ-ടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതി-യിൽ മുന്നോട്ടു കൊണ്ടു പോകാനും എല്ലാ-കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുക എന്നുള്ളതാണ് ലക്ഷ്യം.

ഈ വിദ്യാലയത്തിന്റെ ചുറ്റുപാടും അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ പ്രവർത്തനം ഈ വിദ്യാലയത്തിന്റെ തളർച്ചയ്ക്ക് കാരണ-മായിട്ടുണ്ടെങ്കിലും വിദ്യാലയത്തിന്റെയും കുട്ടി-കളുടെയും പുരോഗതിക്കായി ആസൂത്രണം ചെയ്-തിരിക്കുന്ന ഈ അക്കാദമിക പ്ലാൻ അതിന്റെ ഉദ്ദേശ്യ-ങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയാണ് സമർപ്പിക്കുന്നു.

# പൊതു ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എഴുതുവാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക
* ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻ നിറുത്തി. കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
* ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും.
* സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്ക്കരിക്കും.
* ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗ പിടിഎ /കോർണർ പി.ടി.എ കൾ ചേരും
* ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ നൽകും

- വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിറുത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറും.
- ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർ-ത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാ-ബോധം ഒഴിവാക്കി, ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർ-ത്തനങ്ങൾ ഒരുക്കും.
- ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക
- മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിന ജല നിർമാർജ്ജനം ഇടങ്ങിയവ നടപ്പാക്കൽ
- കൃഷി, ഔഷധ തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ
- വിദ്യാലയം ഹൈടെക്കാക്കി മാറ്റുക
- പോക്സോ സംബന്ധമായ ബോധവൽക്കരണ, രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങി-യവയ്ക്കെതിരെ മുൻകരുതലുകൾ.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : സെന്റ്. മേരീസ് യു.പി സ്കൂൾ കാരൂർ |
| ോൽ വിലാസം | : കാരൂർ പി.ഒ 680 697 |
| ഫോൺ | : |
| സ്കൂൾ കോഡ് | : 23556 |
| വിദ്യാഭ്യാസ ഉപജില്ല | : മാള |
| വിദ്യാഭ്യാസ ജില്ല | : ഇരിഞ്ഞാലക്കുട |
| വന്യൂ ജില്ല | : തൃശ്ശൂർ |
| ബി. ആർ. സി | : മാള |
| സി. ആർ. സി | : എൽ.എഫ്.എൽ.പി സ്കൂൾ കൊമ്പൊടിഞ്ഞാമാക്കൽ |
| ്രാമപഞ്ചായത്ത് | : ആളൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : മാള |
| ജില്ലാ പഞ്ചായത്ത് | : തൃശ്ശൂർ |
| നിയമസഭാ മണ്ഡലം | : ഇരിഞ്ഞാലക്കുട |
| ലോകസഭാ മണ്ഡലം | : തൃശ്ശൂർ |
| താലൂക്ക് | : ചാലക്കുടി |
| വില്ലേജ് | : ആളൂർ |
| ഇ-മെയിൽ | : upskaroor@gmail.c |

# സെന്റ് മേരീസ് യു.പി സ്കൂൾ കാരൂർ

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട വിദ്യാഭ്യാസ-
ജില്ലയിലെ മാള ഉപജില്ലയിൽ ആളൂർ ഗ്രാമ-
പഞ്ചായത്തിൽ കാരൂർ എന്ന ശാന്തമായ ഗ്രാമ-
ത്തിലാണ് സെന്റ് മേരീസ് യു.പി സ്കൂൾ സ്ഥിതി
ചെയ്യുന്നത്.

വർഷങ്ങൾക്ക് മുമ്പ് തെങ്ങിൻ തോപ്പുകൾ
കൊണ്ട് സമൃദ്ധമായിരുന്നു കാരൂർ. പലവിധ
കാരണങ്ങളാൽ തോപ്പുകൾ അപ്രത്യക്ഷമാ-
യെങ്കിലും ബസ്റൂട്ടുകളായി ഇനിയും ഈ
വഴികൾ മാറിയിട്ടില്ല. കാരൂർ ദേശത്തെ സംബ-
ന്ധിച്ചിടത്തോളം ഏറെ മാറ്റങ്ങൾക്ക് കാരണമായി-
ത്തീർന്ന നിർണ്ണായകമായ നാഴികക്കല്ലാണ് പള്ളി-
സ്കൂളിന്റെ സ്ഥാപനം. 1925 ലാണ് പള്ളിയോ-
ടനുബന്ധിച്ച് പ്രൈമറി സ്കൂൾ സ്ഥാപിക്കപ്പെട്ടത്.
ജനങ്ങളിൽ നിന്നും പിരിച്ചെടുത്താണ് സ്കൂൾ
കെട്ടിടം നിർമ്മിക്കപ്പെട്ടത്. പള്ളിയോടനുബന്ധി-
ച്ചാണ് സ്കൂൾ തുടങ്ങിയതെങ്കിലും ചില സാ-
ങ്കേതിക കാരണത്താൽ സ്കൂൾ മാനേജ്മെന്റ്
കാട്ടുപള്ളി തോമൻ കുഞ്ഞിപ്പാലുവിന്റെ പേ-
രിലും പിന്നീട് സ്കൂളിന്റെ ആദ്യ ഹെഡ്
മാസ്റ്റർ തോട്ടപ്പിള്ളി ജോസഫ് തോമസിന്റെ
പേരിലുമായിരുന്നു. 1925 ൽ പുലിക്കോട്ടിൽ
റവ. യാക്കോബച്ചന്റെ പേരിലേക്ക് കൈമാറ്റം

ചെയ്യപ്പെട്ടു. കാഞ്ഞിരിലെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങളുടെ വിദ്യാഭ്യാസ പരവും സാമൂഹിക പരവുമായ അഭ്യുന്നതിക്കും നഗര- ശതമാനത്തിലെത്തി നിൽക്കുന്ന സാക്ഷരതക്കും ഈ സ്കൂൾ കാരണമായിത്തീർന്നു എന്ന് പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. സ്കൂൾ വിദ്യാഭ്യാസമാണ് ഒരു നാടിന്റെ വികസനത്തിന് അടിസ്ഥാനമാകുന്നത് എന്ന ബോധ്യമാണ് വളരെ ദീർഘ വീക്ഷണത്തോടെ സ്കൂൾ ആരംഭിക്കുവാൻ പൂർവ്വികരെ പ്രേരിപ്പിച്ചത്.

ഒരു നാടിന് പ്രകാശം ചൊരിയുന്ന ദീപങ്ങൾ നാട്ടിലെ ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയാണ്. ഇതിൽ വിദ്യാലയത്തിന്റെ പങ്കും മഹത്വവും അവചനാതീതമാണ്. അത് തെളിയിക്കുന്നതിനും സാക്ഷാൽക്കരിക്കുന്നതിനും വേണ്ടി ഈ വിദ്യാലയം ഒരു നിമിത്തമാണ് എന്ന് കരുതിയേക്കാം. അതുതന്നെയാവാം അവർക്ക് നൽകിയ പ്രചോദനം വളർച്ചയുടെ ഘട്ടങ്ങളിലൂടെ കടന്നു പോയി കൊണ്ട് ഈ വിദ്യാലയം എന്നും നാടിന് വിദ്യാ വെളിച്ചം വീശി പ്രകാശം പരത്തി ഇന്നും ആ നില്പ് തുടരുന്നു.

# നിലവിലെ അവസ്ഥാ വിശകലനം

## ഭൗതികം

* സ്കൂളിന് മുൻപിലുള്ള ഗ്രൗണ്ട് വെള്ളക്കെട്ട് ഉള്ളതുകൊണ്ട് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
* സ്കൂളിലേക്ക് ഉള്ള entrance മനോഹരമാക്കേണ്ടതുണ്ട്
* കുട്ടികളുടെ യൂറിനൽ ശോചനീയാവസ്ഥയിലാണ്.
* ക്ലാസ്സ് മുറികളിലെ ബ്ലാക്ക് ബോർഡ് ഉപയോഗിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

## അക്കാദമികം

* English വായിക്കുന്നതിൽ കുട്ടികൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ട്.
* മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്
* മലയാളം എഴുതുന്നതിനും സ്വന്തമായ രചനകൾക്കും പുറകിലാണ്.
* ഗണിതം ചതുഷ്ക്രിയകൾ ബുദ്ധിമുട്ട് അനുഭവപ്പെടുന്നവരുണ്ട്.

# പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം: 1. പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് - പഠന പരിപോഷണം.
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ല്ലാ കുട്ടികൾ-ക്കും ഇംഗ്ലീഷ് വായിക്കാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക. | * ഇംഗ്ലീഷ് വായിക്കുവാനും എഴുതുവാനും ബുദ്ധിമുട്ടുള്ളവരെ കണ്ടെത്തി പരിശീലനം നൽകൽ<br>* ആഴ്ചയിൽ രണ്ടു ദിവസം Spoken English class | 1 വർഷം | അധ്യാപകർ | |

പ്രവർത്തനം : 2 പ്രവർത്തനത്തിന്റെ പേര്: പാർക്ക് നവീകരണം
ഉപമേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ മാനസികോല്ലാസം. | * നിലവിലുള്ള പാർക്കിനെ മോടി പിടിപ്പിച്ച് മനോഹരമാക്കൽ | 1 പ്രാവശ്യം | അധ്യാപകർ മാനേജ്മെന്റ് | |

…പ്രവർത്തനം: 3 പ്രവർത്തനത്തിന്റെ പേര്: ശൗചാലയ നവീകരണം

…മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| …ാഠം 1 …ുചിത്വം | * നിലവിലുള്ള ശൗചാലയം പുതുക്കി പ-ണിയൽ | 1 വർഷം | മാനേജ്മെന്റ് | |

…പ്രവർത്തനം: 4 പ്രവർത്തനത്തിന്റെ പേര്: പച്ചക്കറി തോട്ടം

…മേഖല : അക്കാദമിക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| …ർഷിക …സംസ്കൃതി- …വീണ്ടെ- …ടുക്കൽ | * വിദ്യാലയത്തി-ലെ സൗകര്യപ്രദമായ സ്ഥല-ത്ത് ആകർ-ഷകമായ വിധ-ത്തിൽ പച്ച-ക്കറി തോട്ടം ഉണ്ടാക്കൽ. | വർഷ-ത്തിൽ ഒരു പ്രാവശ്യം | മാനേജ്മെന്റ് | |

പ്രവർത്തനം 5 പ്രവർത്തനത്തിന്റെ പേര്: ഔഷധ തോട്ടം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രകൃതിയെ അടുത്തറിയുവാനും ഔഷധ സസ്യങ്ങൾ പരിചയപ്പെടുവാനും | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ഔഷധ തോട്ടം നിർമ്മിക്കൽ | 1 പ്രാവശ്യം | അധ്യാപകർ മാനേജ്മെന്റ് | |

പ്രവർത്തനം : 6. പ്രവർത്തനത്തിന്റെ പേര്: കായിക വിദ്യാഭ്യാസം

ഉപമേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
| --- | --- | --- | --- | --- |
| വിദ്യാർത്ഥികളിൽ ആരോഗ്യം കൈവരിക്കൽ, ശാരീരിക ക്ഷമത കൈവരിക്കൽ | വിദ്യാർത്ഥികൾക്ക് വിവിധ Exercise കൾ, സുംബ Dance പരിശീലനം നൽകൽ. | 1 വർഷം | അധ്യാപകർ മാനേജ്മെന്റ് | |

പ്രവർത്തനം: 7. പ്രവർത്തനത്തിന്റെ പേര്: LSS പരിശീലനം
മേഖല : അക്കാദമിക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ LSS നേടാൻ പ്രാപ്തരാക്കൽ | * ഗണിതം, മലയാളം, EVS, English, GK എന്നീ വിഷയങ്ങളിൽ അധ്യാപകരുടെ മേൽനോട്ടത്തിൽ പരിശീലനം നൽകൽ. | 1 വർഷം | അധ്യാപകർ മാനേജ്മെന്റ് | |

പ്രവർത്തനം: 8 പ്രവർത്തനത്തിന്റെ പേര്: പൊതുവിജ്ഞാനം വർധിപ്പിക്കൽ
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * അനുകാലിക സംഭവങ്ങളെ കുറിച്ച് അറിവു നേടൽ | * പൊതു വിജ്ഞാനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ദിവസവും അസംബ്ലിയിൽ ചോദിക്കൽ | 1 വർഷം | അധ്യാപകർ മാനേജ്മെന്റ് | |

പ്രവർത്തനം:9. പ്രവർത്തനത്തിന്റെ പേര്: വായന പരി
മേഖല: അക്കാദമികം പോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പരിശീലനം |
|---|---|---|---|---|
| വായന പരിപോഷണം | വായന കാർഡുകൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവ നൽകി വായന പരിപോഷിപ്പിക്കൽ. | 1 വർഷം | അധ്യാപകർ | |

പ്രവർത്തനം :10 പ്രവർത്തനത്തിന്റെ പേര്: ജൈവ
മേഖല: ഭൗതികം അജൈവ വസ്തുക്കളുടെ നിർമാർജ്ജനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പരിശീലനം |
|---|---|---|---|---|
| പരിസര ശുചിത്വം മാലിന്യ നിർമാർജ്ജനം, കൃഷിക്കാവശ്യമായ ജൈവ വളം ലഭ്യമാക്കൽ. | ജൈവ അജൈവ വസ്തുക്കൾ നിർമാർജ്ജനം ചെയ്യൽ | 1 വർഷം | അധ്യാപകർ | |

പ്രവർത്തനം : 11  പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര മാജിക്

മേഖല : അക്കാദമിക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ സഹായകമായ ലഘു പരീക്ഷണങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കൽ | 1 വർഷം | അധ്യാപകർ | |

പ്രവർത്തനം : 12  പ്രവർത്തനത്തിന്റെ പേര് : ഭവന സന്ദർശനം

മേഖല : സാമൂഹിക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളും സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | കുട്ടികളുടെ വീടുകൾ സന്ദർശിച്ച് സ്ഥിതിഗതികൾ മനസ്സിലാക്കൽ. | 1 വർഷം | അധ്യാപകർ | |

# ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തനതു പ്രവർത്തനം

## ജൂൺ / ജൂലൈ

* English വായിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നവരെ കണ്ടെത്തൽ
* ഓരോ ക്ലാസിനും പരിചിതമായ ചെറിയ English വാക്കുകൾ എഴുതുവാൻ അറിയാത്ത കുട്ടികളെ കണ്ടെത്തൽ
* നിത്യ ജീവിതത്തിൽ അത്യാവശ്യമായ ചില ചോദ്യ രൂപങ്ങളും അതിനുള്ള ഉത്തരങ്ങൾ. എന്നിവ പഠിക്കുന്നതിനും പ്രയോഗിക്കുന്നതിനും സഹായകരമാകുന്ന ക്ലാസ്സ് ആഴ്ചയിൽ രണ്ട് ദിവസവും അധ്യാപകർ നൽകുവാൻ തുടങ്ങുന്നു.

## ആഗസ്റ്റ് /സെപ്റ്റംബർ

* English വായിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നവർക്ക്. A.....Z വരെയുള്ള അക്ഷരങ്ങളും ചെറിയ വാക്കുകൾ പരിചയപ്പെടുത്തൽ കാണിക്കുന്നു. വായിപ്പിക്കുന്നു.

* പാഠഭാഗവുമായി ബന്ധപ്പെട്ട ചെറിയ വാക്കുകൾ എഴുതുവാനനുവദിക്കുന്നു. Spelling mistakes വരുന്നവർക്ക് പ്രത്യേക പരിശീലനവും നൽകുന്നു.

* നിത്യ ജീവിതത്തിൽ ആവശ്യമായ ചോദ്യങ്ങൾ, ഉത്തരങ്ങൾ തുടങ്ങിയ പരിശീലിപ്പിക്കുവാൻ ആഴ്ചയിൽ രണ്ട് ദിവസം

## ഒക്ടോബർ/നവംബർ

* a, e, i, o, u vowel sounds വരുന്ന വാക്കുകൾ വായന practice നൽകുന്നു അവ എഴുതുന്നു.
* cat, mat, sat, hat, rat.... etc
* bed, led, fed, pen, den ... etc
* fit, wit, hit, lit, sit ... etc
* pot, got, hot, rod, pod ... etc.
* fun, run, sun, hut, cut ... etc.

* ഇതുപോലെ ch, sh, th, ck, ph, gh, wh വരുന്ന sounds പരിചയ words പരിചയപ്പെടുത്തുന്നു

* നിത്യ ജീവിതത്തിൽ ആവശ്യമായ ചോദ്യങ്ങൾ അവയ്ക്കുള്ള ഉത്തരങ്ങൾ തുടങ്ങിയവ ആഴ്ചയിൽ രണ്ടു ദിവസം പരിശീലിപ്പിക്കുന്നു.

## ഡിസംബർ

* ദിവസേന 5 മിനിറ്റ് English news കേൾക്കുവാൻ അവസരം നൽകുന്നു അതിൽ നിന്നും പരിചിത വാക്കുകൾ കണ്ടെത്തി എഴുതുന്നു.

* അസംബ്ലിയിൽ Reading card വായന ആരംഭിക്കുന്നു.

* Sentence Making Games

Dice എറിയുമ്പോൾ B.B യിൽ എഴുതിയവയിൽ നിന്നും subject, verb, object എന്നിവ തെരഞ്ഞെടുക്കുന്നു.

1) He / She / They
2) eats / Plays / Writes
3) Mangoes / football / Poems

- SHE writes Poem

* നിത്യ ജീവിതത്തിൽ ആവശ്യമായ ചോദ്യ-
രൂപങ്ങൾ ഉത്തരങ്ങൾ, പ്രയോഗിക്കുന്ന-
തിന് സഹായകമായ ക്ലാസ്സ് ആഴ്ചയിൽ
രണ്ട് ദിവസം തുടരുന്നു.

## ജനുവരി / ഫെബ്രുവരി

* Reading Card വായന
* ചിത്രം കാണിച്ച് ഒരു sentence എഴുതുവാനും തുടർന്ന് Descriptions എഴുതുവാനുമുള്ള പരിശീലനം
* ഒരു കുട്ടി ഒരു പ്രവൃത്തി ചെയ്യുന്നതായി അഭിനയിക്കുന്നു sentence ആയി എഴുതുവാനാവശ്യമായ പ്രവർത്തനങ്ങൾ ex: He is swimming
* Conversation, Skit എന്നിവയുടെ അവതരണം.
* സ്വതന്ത്ര രചനകൾക്കുള്ള അവസരം.

# ഉപസംഹാരം

പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാൻ ശേഷിയുള്ള ഉയർന്ന ജനാധിപത്യ ബോധവും, മത നിരപേക്ഷതയും സ്വതന്ത്ര ചിന്താഗതിയും മാനവിക മൂല്യങ്ങളുമുള്ള ഒരു തലമുറയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യം കൈവരിക്കുക എന്ന ചുവടുവെപ്പുകൾ ആണ് ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്. ആവശ്യമായ മാറ്റങ്ങൾ വരുത്തിയും കൂട്ടിച്ചേർക്കലുകൾ നടത്തിയും മികവിലേക്ക് എത്തുമെന്ന പ്രതീക്ഷയോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.